# ലിറ്റിൽ കൈറ്റ്സ് 2018-19




## സി.എച്ച്.എസ്.എസ്
## ചട്ടഞ്ചാൽ

# എഡിറ്റോറിയൽ ബോർഡ് ...

## ചീഫ് എഡിറ്റേർസ്

**മണികണ്ഠദാസ് .പി.**
**പ്രിൻസിപ്പൽ**

**പി.കെ. ഗീത**
**ഹെഡ് മിസ്ട്രെസ്സ്**

## സ്റ്റാഫ് എഡിറ്റർ

**പ്രമോദ് കുമാർ. കെ**
SITC & KITE MASTER

## കോർഡിനേറ്റർ

**ഷീബ. ബി. എസ്**
KITE MISTRESS

## അംഗങ്ങൾ

1. ജിഷ്ണു. കെ
2. നമിത് എസ് രാജ്
3. മാത്യു ജൊ അർനോൾഡ്
4 .നിഖിൽ
5.അമൃത്
6. ദീപക്
7. ദീക്ഷിത്


## കവർ ഡിസൈൻ

**ജിഷ്ണു. കെ**

**ഹരികേശ്**

# എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ





## സന്ദേശം

ചട്ടഞ്ചാൽ ഹയർ സെക്കൻ്ററി സ്കൂൾ കാസർഗോഡ് ജില്ലയിലെ വിദ്യാഭ്യാസ ഭൂപടത്തിൽ മികവിൻ്റെ വിദ്യാലയമായി വളർന്ന് പന്തലിച്ചിരിക്കുകയാണ്. സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബിൻ്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്ന ഇ–മാഗസിനു പാഠപുസ്തകത്തിനപ്പുറവും വിശാലമായ ലോകം സൃഷ്ടിക്കാൻ കുട്ടികൾക്ക് സാധിക്കട്ടെ. അതിനുള്ള സാധ്യതകളിലൊന്നായി പിറവിയെടുക്കുന്ന ഈ പുതുമാഗസിന് എല്ലാ ആശംസകളും നേരുന്നു.

കെ.മൊയ്തീൻ കുട്ടി ഹാജി
മാനേജർ
ചട്ടഞ്ചാൽ ഹയർ സെക്കൻ്ററി സ്കൂൾ

## സന്ദേശം



ചട്ടഞ്ചാൽ ഹയർ സെക്കന്ററി സ്കൂൾ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ഇ മാഗസിൻ തയ്യാറാക്കുന്നുവെന്നറിഞ്ഞതിൽ സന്തോഷിക്കുന്നു. ഇന്ന് ക്ലാസ്സ് മുറികൾ വായനയ്ക്ക് നല്ലൊരിടമാണ്. സർഗവാസനകളുടെ വ്യാപനത്തിന് വേണ്ടുന്ന എല്ലാ വിഭാഗങ്ങളും പഠനപ്രവർത്തനങ്ങളോടൊപ്പം ഒരുക്കേണ്ടത് ഈ കാലത്തിന്റെ ആവശ്യവുമാണ്. പ്രകാശിതമാവുന്ന ഇ മാഗസിന് എല്ലാ ആശംസകളും നേരുന്നു.

**മുഹമ്മദ് കുഞ്ഞി കടവത്ത്**
പ്രസിഡന്റ് , പി.ടി.എ
**ചട്ടഞ്ചാൽ ഹയർ സെക്കന്ററി സ്ക്കൂൾ**

## സന്ദേശം



വായനയാണ് പ്രധാനം,അത് പുസ്തകമോ ഇ-പുസ്തകമോ ആവാം കാലം മാറുന്നതിനനുസരിച്ച് ജീവിതവും സമീപനങ്ങളും മാറുമല്ലോ പുതിയ കുട്ടികൾ വായനയ്ക്ക് പുതിയ മാർഗങ്ങൾ കണ്ടെത്തട്ടെ എന്ന് ആശംസിക്കുന്നു...

ശ്രീ മണികണ്ഠദാസ്
പ്രിൻസിപ്പൽ
ചട്ടഞ്ചാൽ ഹയർ സെക്കന്ററി സ്കൂൾ

# സന്ദേശം



ചട്ടഞ്ചാൽ ഹയർ സെക്കന്ററി സ്കൂൾ ലിറ്റിൽ കൈറ്റ്സ് ക്ലബിന്റെ നേതൃത്വത്തിൽ ഈ മാഗസിൻ പ്രസിദ്ധീകരിക്കുന്നതിലുള്ള സന്തോഷം ആദ്യം തന്നെ അറിയിക്കട്ടെ. പാഠപുസ്തകത്തിനപ്പുറത്തുള്ള വിശാലമായ ലോകവും അവർ അറിയേണ്ടതുണ്ട്.വായനയും, എഴുത്തും നല്ലൊരിടമാണ്.ഈ തുടക്കത്തിന് എല്ലാ ആശംസകളും അറിയിക്കുന്നു.

സന്തോഷത്തോടെ
പി.കെ ഗീത
ഹെഡ്മിസ്ട്രസ്
ചട്ടഞ്ചാൽ ഹയർ സെക്കന്ററി സ്കൂൾ

# എഡിറ്റോറിയൽ



വലിയ മാറ്റങ്ങളിലൂടെയാണ് നാം ഇന്ന് കടന്നുപോകുന്നത് . വിദ്യാഭ്യാസ രംഗത്തും ഈ തകൃതിയായ മാറ്റങ്ങൾ നമുക്ക് കാണാം. ഭാഷാശാസ്ത്രപരമായ ബുദ്ധി ഉത്തേജിപ്പിക്കണമെങ്കിൽ അവരുടെ ഭാവനയും സർഗ്ഗശക്തിയും എഴുത്തിലൂടെയാണ് പ്രകടമാക്കേണ്ടത്. അതുകൊണ്ട്തന്നെ സ്വതന്ത്രമായ ചിന്തഗതിയോടെ അവരുടെ സർഗ്ഗവാസനയെ പരിപോഷിപ്പിക്കുക എന്ന ലക്ഷ്യ ത്തോടെയാണ് ഈ ഉദ്യമത്തിന് തുടക്കമിടുന്നത്. സ്കൂളിനകത്ത് പാഠ്യപ്രവർത്തനത്തിലുപരി കൂട്ടായ പ്രവർത്തനവും ചിന്താഗതിയും സാഹിത്യാഭിരുചിയും അഭിലഷണീയമായ രീതിയിൽ വളർത്തിയെടുക്കുവാനും അതുവഴി ഉന്നതിയിലെത്താനും ഇങ്ങനെയുള്ള ഉദ്യമങ്ങൾ സഹായിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു . ഇന്നത്തെ കുട്ടികൾ വായനശീലത്തിൽ നിന്ന് പിന്തിരിഞ്ഞ് നൂതന സാങ്കേതിക ഉപകരണങ്ങളിൽ അഭയം തേടുമ്പോൾ വിദ്യാലയങ്ങളിലൂടെ സർഗ്ഗാത്മകത പ്രകാശിതമാക്കാൻ ഒരു ചെറിയ ചലനം സൃഷ്ടിക്കാൻ ഇങ്ങനെയുള്ള സന്ദർഭത്തിന് കഴിയുമെന്ന് പ്രത്യാശിക്കുകയാണ് . ഇരുട്ട് കീറുന്നൊരു വജ്രസൂചി പ്രയോഗം മഹാകവി കുമാരനാശാന്റെതാണ്. സർഗ്ഗരചനകൾ മനുഷ്യമനസ്സിലെ മാലിന്യങ്ങളെയും കീറിമുറിക്കുന്ന വെളിച്ചത്തിന്റെ വജ്രസൂചികളാണെന്ന് മഹാകവി കരുതിയിരുന്നു. അത്തരം രചനകൾക്ക് ഇരിപ്പിടം ഒരുക്കുന്ന ഒന്നാകണം ഈ ഇ–മാഗസിൻ എന്ന ആഗ്രഹത്തിൽ നിന്നാണ് ഈ പേര് വരുന്നത് . പല വ്യവഹാരരൂപങ്ങളിലുള്ള രചനകൾ ഈ സമാഹാരത്തിൽ ഉണ്ട് താത്പര്യഭേദമനുസരിച്ച് എല്ലാവരേയും, പ്രത്യേകിച്ച് വിദ്യാർത്ഥികളെ ഇതിലേക്ക് സ്നേഹപൂർവ്വം ക്ഷണിച്ച് കൊള്ളുന്നു.......

സ്റ്റാഫ് എഡിറ്റർ
പ്രമോദ് കുമാർ. കെ

# ഉള്ളടക്കം

അമ്മ.....10
A THOUSAND RUPEES!!!.....11
അമ്മയുടെ നിഴൽ.....15
'എന്റെ ഗ്രാമം...'.....16
കനൽ.....17
*'RAW TO RIPE AND THEN.......'*.....18
സൗഹൃദം.....20
'HOPE....'.....21
'പ്രതിഷേധമീ ദുരന്തം;ഈ വിപ്ലവം....!'.....22
ചിത്രത്താളുകളിലൂടെ.....25
'RAIN.....'.....34
കർഷകൻ.....35
ഉയിർത്തെഴുന്നേൽപ്പിനായി സഹകരിക്കാം.....36
കളിക്കൂട്ടുകാർ.....40
സമയം.....41
ജീവിതം.....42
"LET THEM BLOOM......".....43
ഞാൻ.....47
പ്രകൃതിയെ തേടി .....48
മാലിന്യ കൂമ്പാരം.....49
സ്നേഹപൂർവ്വം.....50
ഇ-മാലിന്യങ്ങൾ.....52
പാരിസ്ഥിതിക പ്രശ്നങ്ങൾ.....52
പ്രകൃതിയും ഞാനും.....56
തോൽവിയെ തോൽപ്പിക്കുക.....57
പതനം.....61
ദൈവവും മനുഷ്യരും.....63
നന്ദി.....67

# അമ്മ...

'അമ്മ' എന്ന വാക്കിൽനിന്നുണരുന്നു –

സ്വന്തം ജീവനാൽ സ്നേഹിക്കുന്നു തൻകുഞ്ഞിന്റെ

പത്തുമാസം ചുമന്ന്, തൻവേദനയിൽ –

പിളർന്നെടുത്ത ജീവൻ



ആ ജീവനിൽ വേദനയറിയിക്കാതെ

സ്വന്തം വേദനയിൽ ഒതുക്കുന്നമ്മ

തൻ ജീവനായ കുഞ്ഞിനെ മരണംവരെ –

കാത്തുസൂക്ഷിച്ചീടുകയാണമ്മ

സ്വന്തം അമ്മിഞ്ഞപ്പാൽക്കൊടുത്തമ്മ

തൻ ജീവനെ കാത്തീടുകയാണ്

എന്നും ആ ജീവന് ദൈവമാണ്



സ്നേഹ.പി

# A THOUSAND RUPEES!!!

*I have a bag full of broken dreams. But I know I can never fulfil it,well the biggest one was to go to school like any other 9 year old child,and I know that someone like me orphaned and poor,who polishes shoes for a living never fulfils his dreams but I could dream......I had all rights to it. And my greatest dreams was to have a bag full of memories. Aye,child,you are supposed to polish my shoes,not tell me your life story, now I want a shoe shine fast.I did not tell a thing,I just wanted someone to share my sorrows with....Aye,kid,have you ever seen your parents?No,I said they were long dead. Then he paused for a second. Have any friend kid?he asked. No one wants to make friends out of someone who wears rags,I replied. Hmm,he murmured .Have you ever been out of this village? No I said. Do you want to? he asked. Of course who couldn't want to? Well ,I'm going to the next town,Me for 1/10th of a second I thought that he was about to take me with him. He gave out a sigh. Bad luck for you kid,Bad luck..I got upset,I wish he would take me with him,he seemed nice....Its done,I done,I said.*

*Not bad fellow,and he gave me the money before I would say how much it costed. Suddenly I started to feel angry,he would've take me. Then I felt something strange about the note. I opened my fist which was grabbing tightly the note......*

*My heart skipped a beat !! In my eyes suddenly I felt endless possibilities. I was soaring in the sky like a rocket. I looked if the man was around,he disappeared .Eh! A thousand rupees!!I tried scream out loudly,but No,the words didn't fell out I was caught up in a complete mirage. My heartbeat kept on increasing and in the heart I felt a sudden grip, unconsciously I started to run away,away from*

*the village I've been in for nine years,still gripping the thousand rupees tight and close my heart......*

*I ran downhill where the river was flowing past flocks of sheep and children going to school. I got tired my heartbeat increased as seconds and minutes passed by,I set down by the river....panting....I was not getting air. Oh god!Oh god! I started whispering slowly,I kept the money in my pocket and felt unconscious.*

*The next morning when I woke up,I saw that I was surrounded by vultures....hoping for me to be dead....*

*I'm not dead !shoo shoo! Go away I screamed. I first think I did was dipped my head into the river nearby gobbled up mouth full of water. I stood up up,in my pocket safety sleeping was my precious piece of paper.*

*I slowly started walking,I was too tired,it came time when I though I'd died. I thought I'll died. I heard a foolish sound while I was a washer man asking his donkey to move.....*

*To Mei!To Mei! (the town) He shouted. The name seemed familiar Mei, Ah! The man who gave me the thousand rupees,he said he was going to Mei. I should go to Mei may be the man might help me ,so I followed the donkey through the woods,quietly. I didn't want the washer man to spot me,the reason was simple -"what if he stole my money".*

*Luckily the donkey's pace was slow, I could easily catch up. After miles and miles of walking with my tired weak*

*body,by afternoon – we reached Mei,it was a small town with it's own unique charms I've heard that there is a famous temple here, what if I visit it , and I'll also rent myself at home and buy lots of food. I don't even need to go to school now After all ,I'm rich now.*

*I saw some delicious looking apples in a box I suddenly felt the urge to buy some. I took out the thousand rupees and held it in my hands. I felt immense pleasure and proud. But that wasn't more than two seconds, taking advantages my loose grip, wind blew and my thousand rupees was floating in the air...It went through a small hut with opened doors,wooden panels,stained glass and decorated with shells,I went in quietly,took out the money and quietly, tress passed outside, suddenly someone called me...my boy...come here,the sound was so raspy and crispy that I got too scared,she was a female, a fat curly old one, her eyes were blue,and my immense doubt was"Was she a ghost". She guided me to a chair and made me sit there. I was holding my breath. I never knew what could happen. Calm down,my boy, I'm only a gypsy. I'll tell you your future.*

*Gypsy I the name started me right to the brains. I've heard of Gypsy's they take our eyes and pickle our brains. I went into a dillemma.*

*My boy looked at me, I won't hurt you. I sighed.... She atleast seemed better when she told words like that.*

*My boy in your eyes I see a good future as bright as diamonds. I see my boy you are very lucky fortune will come into you. she started gripping my hand tight i knew it was dangerous i ran possibly as fast as i can outside. And was it so obvious i fell into a man.... he seemed*

*familiar. He was a god for me. Mr. I am so happy i said with hope burning bright in my eyes you gifted me a new life , you gifted me that THOUSAND RUPEES. But suddenly something shook my mind.*

*Should i really build my future out of this strangers money. No, i shouldn't i should pave my way through. I hesitated my then i took to it.*

*I dont deserve this mister. I never deserve this. I gave the thousand rupees back into his hand.*

*Please take it back as soon as i gave it back bag. He embraced me ,my boy I knew it I knew that from the moment I met you. This thousand rupees was meant for my daughters surgery, I was so worried what I would do without it. I was storming about for it. And you came here just to give this back to me. My boy I"ll take you to my home, you"ll never suffer there. Let's go.*

*Suddenly the boy felt something magical bubbling inside of him. I'm happy, that if this was to end like this what was the purpose of melting the gypsy ? So strange.....Suddenly everything seemed black and I started to choke....*

*My boy, My boy,are you al right / I suddenly woke up the same man was before me, he gave me an adventure, memories I could keep tranquil inside my heart. It was the same day I first met him giving him then shoe shine. I had a dream. Everything just a dream Boy I thought you died I have a hurry i have to go here's your money*

*I held the not inside my hand i distincly saw the man walking , I didn't look into the note ,I just looked at him then I screamed out again "Eh! A thousand rupees.*

---

*by Reva. p*

*10G*

## അമ്മയുടെ നിഴൽ...


അമ്മ തൻ ചുവടുകളാൽ
കണ്ടതാ വിദ്യാലയമുറ്റം
അമ്മ തൻ സാരി ത്തുമ്പിൽ
ത്തൂങ്ങിയകാലമത്രയും



അമ്മയാം അക്ഷരത്തെ
ഒന്നൊന്നായിചൊല്ലുമ്പോഴും അമ്മ
തൻ പൊന്നുമ്മയെ
ഓർക്കുകയായി ഞാനും
അംബത്തൊന്നക്ഷരങ്ങൾ
ചേർന്നതാം മലയാളം
ഒന്നൊന്നായി എഴുതിയെൻ
അമ്മ തൻ കരങ്ങളാൽ
അമ്മ തൻ അരുൾ -
വാക്കുകൾ സ്മരിക്കുവിൻ
നന്മയാം ജീവിതം നേടുമീ -
കാലമത്രയും.........

അബ്ദുൾ റഹ്മാൻ
10 C

# 'എന്റെ ഗ്രാമം...'



അകലെയാണകലെ-
യാണെന്റെ ഗ്രാമം ....
അവിടെയാണവിടെ -
യാണെന്റെ ജീവൻ....
ഇലകളും പൂക്കളും കൊഴിഞ്ഞു
വീഴുന്ന
വഴികൾ സൗഹൃദ
കൂട്ടായി ഒന്നിച്ചിരുന്നൊരു -



ആൽമരവും,മലകളും പുഴകളും
സുന്ദര-
കുന്നു എന്റെ നാടിനെ
മാമ്പഴത്തിൻമധുരംനുണ-
യാൻ ഓടിയെത്തും കുരുവിയൊക്കെയും.
ഇന്നിതാ എന്റെ നാട് വെറും
ശൂന്യത മാത്രം മരങ്ങളും പുഴകളും
ഒന്നുമില്ല പകരം മണ്ണു മാത്രം.

അപർണ്ണ ബാബു
9F

# കനൽ

വെളിച്ചമായിരുന്നു നീയെനിക്ക്
നെഞ്ചകം കീറിക്കത്തിച്ച
കനല്പതി നീയുണ്ടാക്കിയ വെളിച്ചം
മനസ്സിന്റെ 'കാതൽ' കത്തിച്ച്
നീയേകിയ ചൂട്,
അതിൽ വെന്ത് വെണ്ണീറായത്
എന്നിലെ അഹന്തയും
നിന്നിലേക്കുള്ള ദൂരമായിരുന്നു.


സ്വാതന്ത്ര്യം നഷ്ടപ്പെട്ട് നിഷേധിക്കപ്പെട്ടത്
ക്രൂട്ടിൽ അടക്കപ്പെട്ട ഇരുട്ടിൽ
കഴിയുന്ന എനിക്ക്നിറമുള്ള സ്വപ്നങ്ങൾ
തന്നപോരാളീനിന്റെ വഴി എന്നും ജ്വലിക്കുന്നു
ആ നെരിപ്പോട് കെട്ടണയാതിരിക്കാൻ
ഈ കണ്ണീരും നിഷേധിക്കുന്നു
ഞാൻ സ്വയം.......

അർജുൻ.യു.എസ്
10 G

# 'RAW TO RIPE AND THEN......'

**THE JOURNEY OF LIFE**
**THE UNLIMITED PATHS**
**SEEMS TO BE QUITE INTERESTING**
**ALL AT ONCE,IN THE END,SUBSIDES**

**THOSE DAYS FOUNDING FILLED**
**RUNNING HERE AND THERE BEHIND MY CREATORS**
**TO REVEAL THE BASICS OF LIFE**
**AND STRAIGHT TO THE SCHOOL,TO SUCK MORE**



**THEN WINDOWS OF LIFE OPENED**
**EMBRACING ME,TO MAKE MY IMPRESSIONS**
**TO UNFURL THE MIRACLES OF LIFE**
**AND STRAIGHT TO THE TRAFFIC OF WORLD**

**BUT I FELT,ONCE,THAT**
**I AM  CHANGED,MY HAIR TOO LONG**
**AND ABLE TO DO ALL HOUSE HOLD WORKS**
**MY HANDS AND LEGS WERE FIT FOR JOBS**

**MY WORDS ARE LONG**
**AND SPEECHES IN DEPTH**
**THE VIEWS OF MINE ARE**
**GROWING TO HIGH**

**UP TO JOB FOR MONEY**
**AND DOWN TO THE HOME FOR REST**
**NOW NOT ME,BUT I AM**
**A MOTHER ALWAYS FUELS THE HOUSE**

**I'VE BEEN LIVING TO MY FULL**
**THERE ARE SOME FACTS**
**WHICH MAKE ME CONSPICIOUS**
**THAT MY DUPLICATE LANDED**

**I AM IN SAD,FEELING**
**THAT I AM COMPLETE**
**OH! HOW LIFE CYCLE PASSED ITS DENSITY**
**I MADE MY SIGNATURE ON EARTH**

**NOW WHEN I LOOK FURTHER**
**IT'S TIME TO GO BACK**

**AS A CURE FOR ALL THAT TOILS AND MOILS**
**I'VE TASTED IN THAT SOUR-SWEET MOOD**

**NOW ,THE COLOURS OF MINE VARYING**
**SIGNS VISIBLE THAT SHOWS I AM RIPEN TO ITS MAXIMUM**
**DAWNING A TRUST IN ME THAT,**
**THE MIRACLES IN ME LOOSING**

**THE EMOTIONS IN ME ARE FADING,**
**NOT AT ALL FLEXIBLE,MAKING ME DISABLED**
**WITHERED I FEEL , NOTING TO GIVE AND TAKE**
**NOW I NEED A STUCK TO MOVE FORWARD**

**MILES TO GO YET, BEFORE SETTING**
**TO REGAIN THAT CHILDISH FEATURES**
**THE SEEDS THAT I SOWED,NOW**
**ROBUST AND ABLE MAKING ME ISOLATED**

**THE WORLD HAS CHANGED, THE POLICIES TOO**
**WHAT IS NEXT, FEELING BERATED**
**MY DEAR ONCE JUDGE ME**
**AND REMARK THAT I AM USELESS**

**THE FUTILE ONCE ARE TO BE DEPOSITED**
**MYSELF IN THE WORLD OF OLDER ONCE**
**PERPLEXED, I THOUGHT,IS THIS HOW TO GIVE AN END**
**PENT UP EMOTIONS ALL FORCED AND THEN DRIED**

**NOW IT'S TIME FOR MY DEAR ONES,**
**TO MOVE FORWARD,TOWARDS THE BOOM OF WORLD**
**I GAVE THE WAY FOR THAT,**
**MYSELF AS A HELPLESS LIVING**
**DRIED LEAVES ARE TOLD FERTILISE**
**IN A WAY THAT SOFTENS THE SOIL,**
**EXCAVATING ALL THOSE FACTS,**
**THROUGH THE COLOURLESS VIEWS OF MINE**

---

**Anjana J Nair**
**10j**

# സൗഹൃദം...

വെയിലും വെളിച്ചവും പൊഴിയുന്നതറിയാതെ–
ഉറക്കം തഴുകുന്ന കണ്ണുകളെ ഉറങ്ങാതാക്കി–
നീ എൻ സുഹൃത്തായി....
നിൻ സ്നേഹവും വാക്കുകളും അറിയാതെ–
കേൾക്കാതെ നിന്നിലെ സ്നേഹത്തെ സ്വന്തമാക്കി
ഞാൻ....ഒരു വാക്കുകൊണ്ട് നോവിപ്പിക്കാതെ–

നിന്നെ ഞാൻ മനസ്സിൽ സൂക്ഷിച്ചു–
എൻ മനസ്സിൽ ഞാൻ സൂക്ഷിച്ച സുഹൃത്ത് ബന്ധത്തിൽ,നീ
എങ്ങനെയോ കയറിപറ്റി–
ഞാൻ അറിയാതെ എന്നെ അറയിപ്പിക്കാതെ...

ആരോടും ഒരു വാക്കും പറയാതെ...
നിന്നിൽ നിന്ന് അകലുവാൻ എനിക്കറിയില്ല...
എന്നെ ഞാനറിയാതെ കുളിരണിയിച്ച–
ഇളം തെന്നലാണ നീ...
മറക്കാൻ കഴിയില്ല ഈ ജന്മം മുഴുവനും–
ഓർമിക്കുവാൻ നിൻ മുഖം മാത്രം.
എനിക്ക് സന്തോഷങ്ങൾ പങ്കിടുവാൻ
എന്റെ സങ്കടങ്ങൾ പറഞ്ഞുതീർക്കാനും
നീ എന്നോടൊപ്പം എന്നും ഉണ്ടാകണം....

ആദിത്യൻ
**10 C**

# 'HOPE....'

*In the snoring silence*
*of can infirmary room*
*There lied a helpless soul*
*Eyes tightly closed*
*Listening to her inner soul*
*The silence turned to a roar*



*Behind her she could*
*hear it say*
*Oh yes! The past hurts*
*But you can either run*
*or slice it down*
*The symphony of its*
*growl asking*
*what is worst?*

*Drowning beneath the waves*
*or dying from the thirst*
*with an open eyes she said*
*No,floating in the waves*
*us strength*
*Yes my girl,sunshine*
*comes to all*
*who feels the rain...*




**Sreya S Nambiar**

## 'പ്രതിഷേധമീ ദുരന്തം;ഈ വിപ്ലവം....!'



എത്ര ദയനീയമീ ദുരന്തം
അലയുകയാണീ മാനവർ
എന്തിനിനിയും തുടരുന്നീ
മുരൾച്ച, എന്തിനീ വിനാശം?

പച്ചപ്പട്ടുപുതപ്പിച്ച കുട്ടനാട്ടിൻ
ദൈർഘ്യം അണയുകയാണോ?
കൊടുംകാറ്റിലെവിടെയോ മുരൾച്ച
സംഗീതമാക്കി അലയുകയാണോ....?

ഓരോ ദിവസവും അമരുന്നു–
ജീവിതങ്ങൾ........
പ്രകൃതിയെന്നകാരണവരും
പ്രതിഷേധിച്ചു തുടങ്ങിയോ?
തിരിച്ചടിച്ചു തുടങ്ങിയോ?

താങ്ങായിരുന്നൊരു സഹ്യനും
മുല്ലപ്പെരിയാറും തളർന്നുപോയോ?
ബലിഷ്ഠമായ കരങ്ങൾ അമർന്നുപോയോ
എന്തിനവർ സഹായിക്കാൻ മടിക്കുന്നു

വെള്ളപാച്ചലിൽ അലിഞ്ഞു–
ച്ചേർന്നിതാ എത്ര സാധുജീവിതം...



സിഎച്ച്.എസ്.എസ് ചട്ടഞ്ചാൽ

കൊടുംവരൾച്ചയിൽ ഒരു തുള്ളിജല–
ത്തിനുവേണ്ടി കേണപേക്ഷിച്ചപ്പോൾ
തിരിച്ചടിച്ചത് മഴക്കെടുതിയിലൂടെ
യാണോ മാതാവേ......?

എത്രമനുഷ്യരേ നീ നിരാലംബരാക്കി...?
എത്ര കുഞ്ഞുജീവനുകൾ നീ കവർന്നു....
നിന്റെ മടിത്തട്ടിൽ വളർത്തിയ
ഞങ്ങളെ കൂട്ടകൊലയ്ക്കിരയാക്കുകയാണോ...?

അതോ ക്ഷമനശിച്ച് ചെയ്താണോ?
കണ്ടില്ലേ,ഈ രോധനം?
കേട്ടില്ലെ,ഈ മുരൾച്ചകൾ?
പിന്നെയും എന്തിനീ വിപ്ലവം
സൃഷ്ടിക്കുന്നു.....?



അല്ലയോ മാനവാ പ്രകൃതിയെമാത്രം
കുറ്റവാളിയാക്കരുത്....
നീ ചെയ്ത പാപഫലം
തിരിച്ചെടുക്കുകയാണ്........
ധരിത്രിമാതാവിന്റെ മാറിലെ–
മരതകരത്നം പറിച്ചെടുത്ത്–

ഫാക്ടറിയും കെട്ടിടവും അമർത്തി-
യില്ലേ നീ.......?

ഒരു നിമിഷം ധരിത്രി കണ്ണടച്ച-
പ്പോൾ അമർന്നുപോയി എല്ലാം...!
പൊലിഞ്ഞുപോയില്ലേ അനേകം
ജീവിതങ്ങൾ........?

---

ബീന എം
9F

## ചിത്രത്താളുകളിലൂടെ

### പരിസ്ഥിതി ദിനം










# ലിറ്റിൽ കൈറ്റ്സ് പ്രഥമ പരിശീലന ക്യാമ്പ്



## പ്രവേശനോത്സവം 2018–19



# കലോത്സവ കാഴ്ചകൾ



# ഹരിതഭംഗി



## ലിറ്റിൽ കൈറ്റ്സ് സ്കൂൾ തല ക്യാമ്പ്



# സ്വാതന്ത്ര്യ ദിനാഘോഷം



# ഹിരോഷിമാ–നാഗാസാക്കി ദിനം





# സ്പോർട്സ് ദിനം



# 'RAIN.....'

To the rhythm of midnight
song
Rain added its rhythm
The wind blew the melody….
The trees danced to that tune





I dreamed like a
blossomed garden
In the full moon
night… !
You came like a
candle light
To my world of
darkness..
With my will you
entered my life..
And deserted me after sharing
beautiful relationship..

-VISHNU PM
9K

# കർഷകൻ

പാടത്തും പറമ്പിലും വയൽവരമ്പത്തും
കാണാം കർഷകരുടെ അദ്ധ്വാനം
വെയിലെന്നൊ മഴയന്നൊ
പ്രഭാതമെന്നൊ സന്ധയൊന്നൊ
നോക്കാതെ
പാടത്തും പാമ്പിലും വയൽവരമ്പത്തും
പണിയെടുക്കുന്നു കർഷകർ



തോക്കും ബോബും സൈന്യരുടെ
ആയുധമാണെങ്കിൽ
തൂമ്പയും കൈക്കോട്ടുമാണ്
കർഷകർതൻ ആയുധം

സുന്ദരിയായ ഭൂമിതൻ അവകാശി
കർഷകർ എന്ന ദൈവതുല്യർമാത്രം
പണിയെടുക്കുന്നു ആവർ ആന്ത്യംവരെ
ഒരു നല്ല കർഷകൻ വീടിനഭിമാനം
നാടിനഭിമാനം ഭൂമിക്കുതന്നെ അഭിമാനം



മാനസ.ബി
**9K**

# ഉയിർത്തെഴുന്നേൽപ്പിനായി സഹകരിക്കാം

"എന്റെ പ്രിയ സഹോദരങ്ങളെ,ഒരിക്കലും ഉപദ്രവിക്കരുത്. ജീവിതത്തിനുള്ള ഏക വഴിയാണ് എന്റെ മീൻ വില്പന. ജീവിതം വഴിമുട്ടിക്കരുത്"– കരഞ്ഞുകൊണ്ട് ഒരു പെൺക്കുട്ടി മാധ്യമങ്ങളോട് വെളിപ്പെടുത്തിയ കാര്യമാണിത്. കേരളത്തിന്റെ അഭിമാന തിലകമായി മാറിയ ഹനാൻന്റെ വാക്കുകളാണിവ. കേരളം കേട്ട ഒന്നാണിത്. ശേഷം ഈ വാക്കുകൾ ഒട്ടേറെ ജനങ്ങളെ വഴിമാറ്റി ചിന്തിപ്പിച്ചു. അവൾ സൈബർ ഗുണ്ടായിസത്തിന്റെ ഇരയായിരുന്നു.

മനുഷ്യ മനസ്സുകളെ മരവിപ്പിക്കാനും, അധഃപതിപ്പിക്കാനും ഉഗ്രമായ ശേഷിയുള്ള ഒന്നാണ് സോഷ്യൽ മീഡിയ. മാനവ ജീവിതങ്ങളെ വേഗതയുടെ പാതയിലേക്ക് നയിച്ചുകൊള്ളുന്ന തേരാളിയായി മാറിയിരിക്കുന്ന സൈബർ ലോകം ആധുനിക മനുഷ്യജീവിതങ്ങളിൽ ഒരിക്കലും മാറ്റി നിർത്താൻ കഴിയാത്ത വിതം പടർന്നുകൊണ്ടിരിക്കുന്നു.




"കാലാഹിനാ പരിഗ്രസ്ത്മാം ലോകം"– എന്ന് ഇനിയൊരു അവസ്ഥയെ പറയാം , എന്നാൽ ഇവിടെ കാലം സൈബർ എന്ന് മാത്രം.

മനുഷ്യജീവിതങ്ങളുടെ ജീവിത വീക്ഷണങ്ങളെ തന്നെ മാറ്റി പുതുയുഗ ചരിത്രം സൃഷ്ടിച്ച് മുന്നേറുന്ന സാമൂഹ്യ മാധ്യമങ്ങൾ കറുപ്പാണ് ഒപ്പം വെളുപ്പും. എന്നാൽ ഏവരെയും ആകർഷിക്കുന്നത് കറുപ്പ് എന്ന് മാത്രം. അത് എന്നും അങ്ങനെ തന്നെയാണ് ഇരുണ്ടതിനെയാണ് പലരും അറിയാൻ

ശ്രമിക്കുന്നത് കാരണം അതിലൂടെ അവർ പലതും ആസ്വദിക്കുന്നുണ്ട്. സ്റ്റീവൻ ജോബ്സ് ആപ്പിളും, വിന്റൺ സർഫ് ഇന്റർനെറ്റും കണ്ടെത്തിയതിലൂടെയല്ല സൈബർ കുറ്റകൃത്യങ്ങൾ പെരുകുന്നത്. അതിനുള്ള ഏകകാരണം എന്ന് പറയുന്നത് ഇതിന്റെ ദുരുപയോഗമാണ്. സമൂഹത്തിൽ ആത്മഹത്യകളും, കൊലപാതകങ്ങളും അന്യായ- കൃത്യങ്ങളുമാണ് നടക്കുന്നത്. സോഷ്യൽ മീഡിയ തീർക്കുന്ന കൊട്ടും വലയങ്ങളിൽ നിന്നാണ്.

രാഷ്ട്രീയം, സാമൂഹ്യം, സാമ്പത്തികപരമായി പല വ്യത്യസ്ത കുറ്റകൃത്യങ്ങൾക്ക് നാം സാക്ഷികളായി കൊണ്ടിരിക്കുന്നു. സാമൂഹിക ജീവികളായ നാം ഓരോരുത്തരും സ്വന്തം താത്പര്യങ്ങളുടെയും, വികാരങ്ങളുടെയും അടിസ്ഥാനത്തിലാണ് സൈബർ ലോകത്തെ ഉപയോഗിക്കുന്നത്. ഒറ്റ ടച്ചിൽ ലോകം തന്നെ മാറി മറയുന്നു. ഇ-ലോകം ഉയർന്നു കൊണ്ടിരിക്കുന്നു. ഷോപ്പിങ്ങും, ചാറ്റിങ്ങും , കോളിങ്ങും ചെയ്തു കഴിഞ്ഞശേഷമേ ബാക്കിയുള്ള കാര്യങ്ങളുള്ളു എന്ന ചിന്തയിൽ കഴിയുന്ന ജനങ്ങൾക്ക് ഇന്ന് ഇന്റർനെറ്റിന്റെ കവചം അത്യന്താപേക്ഷിതയായിരിക്കുന്നു. ശ്വസിക്കുന്ന വായുപോലെ ആധുനിക ജനങ്ങൾക്കിടിൽ എത്രപേർക്ക് ആൻഡ്രോയിഡ് ഫോണുകളില്ല...? വളരെ ചുരുക്കം തന്നെ.സ്വാതന്ത്ര്യം ഇന്ത്യക്ക് ലഭിച്ച് വർഷങ്ങൾ ഒരുപാട് കഴിഞ്ഞിരിക്കുന്നു. ഇന്നും പട്ടിണി മരണങ്ങളും, ദാരിദ്ര്യവും തങ്ങിനിൽക്കുന്നു. എന്നാൽ ഇത് ചുരുക്കം ചിലർക്ക് മാത്രം. പാതിയിലേറെപേരും ബാഹ്യമായി ഒരു മൊബൈൽ ഫോണിന്റെ അകമ്പടിയോടെ നടക്കുന്നു എന്ന് മാത്രം. കാം ബ്രിഡ്ജ് സർവകലാശാലയുടെ സെൻസസിൽ ലോകത്ത് മൊബൈൽ ഫോണുകൾ ഉപയോഗിക്കുന്നതിന്റെ മുൻനിരയിൽ ഇന്ത്യയുണ്ട് എന്നതാണ് സത്യം.


മുഷ്യന്റെ ചിന്താശേഷിയേയും ഒപ്പം ആരോഗ്യത്തെയും പൂർണമായി ബാധിക്കുന്ന ഒന്നാണ് ഫോണുകളുടെ ഉപയോഗം എന്ന് ശാസ്ത്രം തെളിയിച്ചിട്ടുണ്ട് . എന്നാൽ ഇതിൽ ഒന്നും തന്നെ ശ്രദ്ധചെലുത്താതെ ഇന്നും നമ്മൾ ഓരോരുത്തരും സൈബർ ലോകത്തിന്റെ അടിമകളാണ്.സൈബർ ലോകത്തെ ഒന്നടങ്കം അധിക്ഷേപിക്കുക എന്നത് ന്യായമായ കാര്യമല്ല.കാരണം

സാമൂഹിക മാധ്യമങ്ങളിലൂടെ വൈറലായി നശിക്കുന്നവർ മാത്രമല്ല, പുനർജന്മം നേടുന്നവർ കൂടിയുണ്ട് എന്നതാണ് വാസ്തവം. സമൂഹ നന്മയും,സഹായ ഹസ്തങ്ങളും ഇതിലൂടെ തളിരിടുന്നുണ്ട്.

അത്യാധുനിക സമൂഹത്തിന്റെ തലപ്പത്ത് കയറി താണ്ഡവമാടുന്ന സൈബർ ലോകം ഇന്ന് ജനങ്ങളെ ചുറ്റിപ്പടരുന്ന നീരാളി കൈകളായി മാറിയിരിക്കുന്നു.

നശിക്കുന്ന ജീവിതങ്ങൾ,പൊലിയുന്ന ജീവനുകൾ ഇവയെല്ലാം തന്നെ സാമൂഹിക മാധ്യമങ്ങളുടെ പൈശാചിക കൈയ്യൊപ്പുകളാണ്.

സൈബർ കുറ്റകൃത്യങ്ങൾ പെരുകുന്ന ലോകത്ത് സമൂഹത്തിൽ അതിന് എതിരായി പോലീസും മറ്റ് സാമൂഹിക സംഘടനകളും സംഘടിക്കുന്നുണ്ട്.



നിഷ്കളങ്കമായ ഒന്നല്ല നമ്മുടെ സമൂഹം.കളങ്കത്തിന്റെ വേരുകൾ അതിൽ ഒരുപാടുണ്ട്.എന്നാൽ അതിനെയെല്ലാം മുറിച്ച് മാറ്റി നന്മയുടെ വിത്ത് മുളപ്പിക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം.അതിന് സാമൂഹിക മാധ്യമങ്ങൾ എന്ന ഉപാധിയെ ശരിയായ മാർഗത്തിൽ ഉപയോഗിക്കുക വേണം അല്ലെങ്കിൽ അത് പൊള്ളൽ സൃഷ്ടിക്കുന്നതാണ്.

"മനുഷ്യന്റെ ഗർവ് അത് മറ്റൊരുവന്റെ മുകളിലേക്ക് അടിച്ചമർത്തേണ്ടതായ കാര്യമില്ല.അത് അവൻ തന്നെ സ്വയം വിഴുങ്ങട്ടെ"-ഇത് റൂസ്സോയുടെ വാക്കുകളാണ്.ഈ വാക്കുകൾക്ക് കാലികപ്രസക്തിയുണ്ട്.സാമൂഹിക ഗതിയെ ആഴത്തിൽ ഉൾക്കൊള്ളുന്ന ഒരായിരം മനുഷ്യർക്ക് അത് മനസ്സിലാകും.

അതവർക്ക് മാത്രം കാരണം അവർ "ബുധജനങ്ങളാണ്".

സൈബർ ലോകത്തെ ഒറ്റവാക്കിൽ പറഞ്ഞ് ഒതുക്കാവുന്ന ഒന്നാണ്-മാലാഖ ഒപ്പം പൈശാചികവും.രണ്ടു ദിശയാണ് അതിനുള്ളത് എന്നാൽ വളർന്ന് വരുന്ന ഒരുകൂട്ടം വിദ്യാർഥി സമൂഹം കണ്ണുകൾ പതിപ്പിക്കുന്നത് ദൃഷ്യമായ ദിശയിലേക്കാണ്.

ഒരുപക്ഷേ സാക്ഷരതയിൽ ഒന്നാമതായി നിൽക്കുന്ന നമ്മുടെ കേരളവും നാളെ അധപ്പതിച്ചു പോയേക്കാം.

ഇരുമുഖങ്ങളും വഹിച്ച് നിൽക്കുന്ന സൈബർയുഗത്തിന്റെ ഇരകളായി മാറാതിരിക്കാൻ അറിവ് മാത്രമല്ല തിരിച്ചറിവ് കൂടി ആവശ്യമാണ്.

പലതിലുമുളള തിരിച്ചറിവ് ഒരുപക്ഷേ ഒരു മികച്ച സമൂഹത്തെ സൃഷ്ടിച്ചേക്കാം. സമൂഹത്തിന് ഒരു ഉയിർത്തെഴുന്നേൽപ്പ് ആവശ്യമാണ് പ്രത്യേകിച്ചും മോശമാം ചിന്തകളിൽ നിന്നും പ്രവർത്തികളിൽ നിന്നും എന്നും...എപ്പോഴും...സൈബർ ലോകത്തെക്കുറിച്ചുള്ള ശുഭാപ്തി വിശ്വാസം.നമ്മുടെ ജീവിതം മുന്നോട്ട് കുതിക്കാനുള്ള ചാലക ശക്തിയായേക്കാം....

# കളിക്കൂട്ടുകാർ...


കൂട്ടുകൂടി കളിച്ചും രസിച്ചും
നടന്ന കൂട്ടുകാർ എന്നിൽ
നിന്നു അകന്നിടുമ്പോൾ
എൻ മനസ്സിൽ തീക്ഷ്ണമാം നൊമ്പരം
എന്നാലും എന്നെ സ്നേഹിക്കുന്നു



പിന്നിട്ട നാളുകൾ ചിക്കിചികന്നു
തെല്ലൊരാശ്വാസമായ് എൻ തഴുകിടും കൂട്ടരെ
ഇനിയും നമുക്കീ വഴികൂട്ടുകൂടാം
എത്രയോ ജന്മങ്ങൾക്കായ് സ്നേഹ-
വാത്സല്യം ഞാൻ സമർപ്പിക്കുന്നു...

മാളവിക എം.കെ

# സമയം...



ലോകത്ത് നമുക്ക് ഒരിക്കലും തിരിച്ചെടുക്കാൻ പറ്റാത്തതാണ് 'സമയം'.ഒരിക്കൽ നഷ്ടപ്പെട്ടാൽ അത് അവിടെ അവസാനിച്ചു.

നമ്മൾ ജീവിതത്തിൽ കളയുന്ന ഓരോ വിലപ്പെട്ട നിമിഷങ്ങൾക്കും നാം പിന്നീട് തീർച്ചയായും ഖേദിക്കേണ്ടിവരും അത് ഉറപ്പാണ്.നമ്മൾ ചിന്തിക്കാറുണ്ട് ഏത് നശിച്ച സമയത്താണോ അത് പറയാൻ തോന്നിയത്,ചെയ്യാൻ തോന്നിയത് എന്നൊക്കെ.സമയം തിരിച്ചുക്കൊണ്ട് വന്ന് ആ തെറ്റ് തിരുത്താൻ തോന്നും പക്ഷേ നമ്മുക്കത് സാധ്യമല്ല...

അതുകൊണ്ടാണ് മിക്കവരും പറയാറുള്ളത് വാക്കുകൾ സൂക്ഷിച്ച് ഉപയോഗിക്കണം എന്നൊക്കെ,പിന്നീട് നമ്മൾക്ക് തിരിച്ചറിവ് വന്നാലും ആ തെറ്റുകൾ തിരുത്താൻ സാധിക്കില്ല.........

ആദിത്.സി

9F

# ജീവിതം...




ഒരു സാഗരമാണെൻ ജീവിതം
നെയ്തെടുത്ത കുറേ സ്വപ്നങ്ങൾ
ഓർമ്മകൾ എന്നും എനിക്ക് കൂട്ടായി,
എന്റെ നിഴലായ് കൂടെ നിന്നു

സന്തോഷങ്ങൾക്കപ്പുറം സങ്കടവും
നിറഞ്ഞതാകുന്നീ ജീവിതം
എന്തിനീ ജീവിതം എന്ന് തോന്നാൻ
തുടങ്ങിയിരിക്കുന്നു മാനവർക്ക്



സൻമനസ്സോടെ പ്രവൃത്തി ചെയ്യുമ്പോൾ
വിജയം വരിക്കുവാൻ പറ്റും എപ്പൊഴും
ആത്മവിശ്വാസത്തോടെ മുന്നേറുവാൻ
കഴിയും,നിങ്ങൾക്ക് ഒരു നല്ല ജീവിത-
ത്തിനുടമയാകുവാൻ..........

ശ്രീ ലക്ഷ്മി.കെ

# "LET THEM BLOOM......"

---

***" LET THE BUTTER FLIES NATTER***

***VALUES NOT DRUGS***

***Said the UN child welfare CEO at the UN conference in New York. His words resemble the current unimaginable ferocious condition of our children which has the adequate poison to crumble the innocent life .***

***Drug abuse refers to the intoxicant which could not only tear off our health. But also our mental life and social communication. But will it come towards the child, it is not only the failure of parenting but also of the whole nation or world. An informative survey of central women and child development says that more that a quarter of Indian childhood is burning in drugs. India is such a country in which traditional cultures and joint families still exists to a better which could immensely affect the child character but in this circumstances too. If Indian childhood moves to drug devil world. Then the condition of new gen 'self take care' policies taken countries are just unimaginable. This made us to observe anti-drug day. Coming to our locality and the common trends seen in the supply of intoxicants to the***

***school children the mission immensely on the school locality based shop and the resultant drugs they conquered shows the irresponsible, cruel , brutal citizen who wanted to crumble the dreams of India's future. In other words this can be calculated under terrorism. Drugs are supplied as tickets, powders, perfumes, and even inside pens which is considered as goddess Saraswati. Thinking about the future of their children is often a nightmare for adults. The severity is clearly depicted on the UN survey which shows increasing rate of drug abuse in child.***

***The most incredibly irritating fact is that once slipped to the devil drug world it is harder to get back. I personally have an experience about one of my brother in school being brutally murdered by this racket in his deep desire to get of from this terrible world. But nothing is possible when it is clearly guided. Once when a mother took her child from the over consumption of sweet. Gandhi said her to go back and come after a week. This is because Gandhi himself was addicted to sweets. He wanted time to get back and then motivate the child. Similarly,if we want to blossom our future generation without the foul of intoxicants we ourself get ourself has to get back first. Because the most inspiring person for his child is his/her daddy.***

***"Drugging Behind Darkness" has been a***

*trend for the youth. The dark streets of India is the most dangerous spot. Where the virus of drugs enter the adolesent and causes the disease such as Murders, Robbering, even brutally raping his own sister. 'Nirbaya' case has been a most terrific, ashamed black mark on India. The increasing juvenile crimes are just the symptoms of drug.*

*Set back from the illegal foul area is dangerous and hard. It may often get tighter like a anaconda and may carve out our flesh. But nothing is impossible. De-addiction centres, counselling classes, support from parents and teachers and the strict guarding of rules can create immense effect in drug abuse in*



*children. The section I P C 137 deal with the crime against children and the child-line no. 1098 and counselling staff in school can easily erase drug. While the parents get tensioned when their child is late they never bother about the arrival of their son. This inconvenience has cause the death of a mother by the little hands of her son. This carelessness should be avoided. Parents should have knowledge about the routes of children. Now a days certain apps have been developed to track child. This can help for a far extend. Jawaharlal*

***Nehru, our Chachaji's soul may be stressing with this pain. When children like Hannan is a model for the society, the first culprit, of nirbhaya case that 15 yeared boy is killing our heart. A child is the real wealth of a nation. For a better world and smiling face of our innocence, we are the one to work harder. Let your words reflect in your action let the nine shine......***

---

***Gopika***
***10 K***

# ഞാൻ...

ഇന്ന് ഞാൻ ജീവിച്ചിരിപ്പൂ

നാളെയോ എന്നറിയില്ല

ഇന്നലെകളെ ഞാൻ ഇഷ്ടപ്പെടുന്നു

നാളെയെ ഞാൻ ഇഷ്ടപ്പെടുന്നു

ലോകാസമസ്തോ സുഖിനോ ഭവന്തു

എന്നു ഞാൻ ചൊല്ലുന്ന നേരത്തു

ഭൂമിയിൽ എന്തൊക്കെ,ആരൊക്കെ ചെയ്തിടുന്നു...

---

വിസ്മയ പങ്കജ്
9F

## പ്രകൃതിയെ തേടി ...

നൊമ്പരങ്ങൾ പൊഴിയുംമനസ്സോടെ
തേടിയലഞ്ഞു നിന്നെ ഞാൻ
പച്ച പുതച്ച നിൻ
ഭംഗിക്കാണാൻ.........
കുളിർമ്മയേകും ഇളം കാറ്റും
പക്ഷികളുടെ മൂളിപ്പാട്ടും,
വെള്ളച്ചാട്ടങ്ങളുടെ സൗന്ദര്യവും
എന്നെ നിൻ മാറോടടുപ്പിച്ചുവ



മർത്ത്യന്റെ കൈകൾ നിന്റെ മേൽ പതിയുമ്പോ-
നിന്നെ ഞാൻ കൺകുളിർക്കെ നോക്കട്ടെ,
സൈലന്റ്വാലിയും ആതിരപ്പള്ളിയും
പശ്ചിമഘട്ടവും.....
ഇനിയെത്ര നാൾ നമ്മുടെ മുന്നിൽ
വറ്റുന്ന ഭാരതപ്പുഴയും പമ്പയാറും
ഒരിറ്റു വെള്ളത്തിനായി കേഴുന്ന ജീവജാലങ്ങൾ.
കൈകോർക്കാം നമുക്ക് എല്ലാവർക്കും
പ്രകൃതിമാതാവിനുവേണ്ടി........

മാനസ ബി
**9k**

# മാലിന്യ കൂമ്പാരം...

കേരളമെന്നത് മാലിന്യത്തിൽ
നിറഞ്ഞുനിൽക്കും സുന്ദരനാട്
ഇവിടെ കാണാം മാലിന്യങ്ങൾ
കൂട്ടിയിരിക്കും കുന്നുകൾ പോലെ!
പല പല ആളുകൾ വന്നിട്ടുന്നു.
ദൈവത്തിൻ നാടിനെ കാണാൻ
കണ്ടവർ കണ്ടവർ മൂക്കുപിടിച്ച്
പലതും പറഞ്ഞ് തിരികെ പോകുന്നു
അയ്യോ കഷ്ടം! അയ്യോ കഷ്ടം!
ഇങ്ങനെയൊക്കെ പറഞ്ഞിട്ടുന്നു



മലയാളികളുടെ സഹയാത്രികരായി,
രോഗങ്ങൾ ഇതാ എത്തിയിട്ടുണ്ട്
പലരും പലരും മാലിന്യങ്ങൾ
വലിച്ചെറിഞ്ഞിതാ പോയിട്ടുന്നു.

സമ്പന്നർക്കും പാവങ്ങൾക്കും വഴിയേ
പോകാൻ പറ്റാതായി!
ശുചിത്വമില്ലാതായി നമ്മുടെ
കേരളമെന്നൊരു സുന്ദരനാട്.....

ശ്രീ ലക്ഷ്മി
9k

# സ്നേഹപൂർവ്വം...



സ്ക്കൂൾ വിട്ട് വരും വഴി കുറ്റിക്കാട്ടിൽ ചെറിയൊരനക്കം കേട്ടപ്പോൾ അപ്പു പതിയെ നോക്കി. കുറെനേരം നോക്കിനിന്ന് അപ്പു മുന്നോട്ട് നീങ്ങി. വീണ്ടും ചെറിയൊരനക്കം കേട്ട് അപ്പു കുറ്റിക്കാറ്റിനടുത്തേക്ക് തിരിഞ്ഞ് നടന്നു. ചുറ്റും കണ്ണോടിച്ചു. അതാ മുന്നിലൊരു പഞ്ഞിക്കെട്ടുപോലൊരു പൂച്ചക്കുട്ടി. മ്യാവൂ എന്ന് കരഞ്ഞുകൊണ്ട് കുറ്റിക്കാടുകൾക്കിടയിലേക്ക് തലയൊളിപ്പിക്കാൻ ശ്രമിക്കുകയാണ്. അപ്പു കൈ കുറ്റികാടിനകത്തേക്കിട്ട് അതിനെ പുറത്തേക്കിട്ടു. അധികം പ്രായമൊന്നു മാകാത്തൊരു വെളുത്ത തുടുത്ത പൂച്ചക്കുട്ടി. അത് അപ്പുവിന്റെ മുഖത്തേക്ക് തുറിച്ച് നോക്കുകയാണ്. അവന് അവന്റെ ശരീരം കൈക്കൊണ്ട് തുടച്ചു. അതിനെയും എടുത്ത് വീട്ടിലേക്ക് നടന്നു. വീട്ടിലെത്തിയാൽ ഉടനെ ബാഗും വെച്ച് അവൻ നന്നായി പൂച്ചക്കുട്ടിയെ കുളിപ്പിച്ചു.അമ്മ കാണാതെ വീടിനു പിറകിൽ ഒരു കുടയിൽ മൂടിവെച്ചു. അമ്മ അപ്പോഴേക്കും അവന് കഴിക്കാൻ എടുത്തുവെച്ചു. അമ്മ അടുക്കളയിലേക്ക് പോയ തക്കം തന്റെ പങ്കിൽ നിന്ന് അവൻ തന്റെ പൂച്ചകുട്ടിക്കായി മാറ്റിവച്ചു. കഴിച്ച് കഴിഞ്ഞ് കളിക്കുംബോഴും പഠിക്കാനിരിക്കുമ്പോഴും അവൻ തന്റെ പൂച്ചക്കുട്ടിക്കൊരു പേര് കണ്ടു പിടിക്കുന്ന ചിന്തയിലായിരുന്നു .ചിന്തയ്ക്കൊടുവിൽ അവൻ തന്റെ പൂച്ചക്കുട്ടിക്കായ് ഒരു പേര് നൽകി.

രാവിലെ നേരം വെളുത്തതും,അമ്മ വിളിക്കുന്നതിനുമുമ്പേ ഉണർന്ന് അപ്പു തന്റെ പൂച്ചകുട്ടിയുടെ അരികിലേക്കോടി.അവളാണെങ്കിൽ തന്നേക്കാൾ മുമ്പേ ഉണർന്നിരിക്കുന്നു.അവരുടെ കളികളും മറ്റും കണ്ടുനിന്നു സമയം പോയതറിയാതെ അമ്മയുടെ വഴക്കും കേട്ട് സ്കൂളിലേക്കോടി.പക്ഷെ അതിനു മുന്നേതന്നെ തന്റെ കിങ്ങിണിക്ക് ഒരു സമ്മാനം വാങ്ങാനായി തന്റെ ചെപ്പുക്കുടുക്കയിൽ നിന്നും ഒരു പിടി നാണയങ്ങൾ വാരി വച്ചിരുന്നു.അന്നു ക്ലാസിലുടനീളം അവന്റെ ചിന്ത മുഴുവൻ കിങ്ങിണിയെ

കുറിച്ചായിരുന്നു.സ്കൂൾ വിട്ടതും കൂട്ടുകാരോട് യാത്രപോലും പറയാതെ അവനോടി.വഴിയരികിലെ കച്ചവടക്കാരിൽ നിന്നും കിങ്ങിണിക്കായൊരു കൊച്ചുസമ്മാനം വാങ്ങി അവൻ ഒറ്റയോട്ടം ഓടി. കിങ്ങിണിയുടെ പഞ്ഞിക്കെട്ടുപ്പോലെയുള്ള കൊച്ചുമണി കഴുത്തിൽ കിടന്നാടുന്നത് കാണാനുള്ള തിടുക്കമായിരുന്നു അവന്.വീടുപ്പടിക്കൽ തന്റെ ബാഗൂരിവച്ച് അവൻ വീടിന്റെ പുറകിലേക്കോടി.തന്റെ കിങ്ങിണിയേയും,അതിനെ കിടത്തിയ കൂടും കാണ്മാനില്ല!!!!!!

അവൻ എല്ലായിടത്തും അതിനെ തിരഞ്ഞു.ഇനി അമ്മയെങ്ങാനും അതിനെ കണ്ടുകാണുമോ????മനസ്സിൽ കുറേ ചോദ്യങ്ങളുമായി അവൻ അടുക്കളയിലേക്കോടി.എന്നിട്ട് അവൻ ചോദിച്ചു"അമ്മേ.....അമ്മ എന്റെ കിങ്ങിണിയെ കണ്ടിരുന്നോ????"അപ്പോൾ തന്നെ അമ്മ മറുപടി നൽകി "കിങ്ങിണിയോ???? അതാരാ....ഞാൻ കണ്ടില്ല"എന്ന്.അമ്മ പണിയിൽ മുഴകിയിരിക്കുകയായിരുന്നു.അപ്പു വീടെങ്ങും തിരയാൻ തുടങ്ങി.



എവിടെയും തന്റെ കിങ്ങിണിയെ കാണാൻ അവന് കഴിഞ്ഞില്ല.വീടിനടുത്തുള്ള ചൊന്തക്കാടിനടുത്തേക്കായി പിന്നീടുള്ള തിരയൽ.പെട്ടന്ന് അത് അവന്റെ കണ്ണിൽപ്പെട്ടു.പൂച്ചയുടേത് പോലെയുള്ള രോമാവിശ്ഷ്ടങ്ങൾ പാറയിൽ ചിതറിക്കിടക്കുന്നു!!!അവൻ ഒന്നേ നോക്കിയുള്ളു.അവൻ ഞെട്ടിത്തരിച്ചുപ്പോയി.തന്റെ കിങ്ങിണി രക്തത്തിൽ കുളിച്ച് കിടക്കുകയാണ്.കുറച്ചപ്പുറത്തായി കുറേ നായകളും.അവൻ ഒന്നുക്കൂടി കിങ്ങിണിയെ നോക്കി.കണ്ണുകൾ തുറന്നിരിക്കുകയാണ്.അപ്പുവിനത് കുറേ നേരം നോക്കിനിൽക്കാനായില്ല.അവൻ തന്റെ പോക്കറ്റിൽ നിന്ന് അവൾക്കായി വാങ്ങിയ ആ മണിയെടുത്ത് അവളുടെ മുന്നിലേക്കിട്ടു.എന്നിട്ടവൻ സ്വയം പറഞ്ഞു,"അവളത് കാണാതിരിക്കില്ല,ഞാനതെന്റെ പൂച്ചക്കുട്ടിക്കായ് സ്നേഹപൂർവ്വം വാങ്ങിയതല്ലേ...അവൾ തീർച്ചയായും അതുക്കാണും.......

---

ഉണ്ണിമായ.കെ.വി
9E



പ്രമോദ് കുമാർ
കെ

## ഇ–മാലിന്യങ്ങൾ

## പാരിസ്ഥിതിക പ്രശ്നങ്ങൾ...

---

ഇലക്ട്രോണിക്സ് സാങ്കേതിക വിദ്യയിലുണ്ടായ വിപ്ലവകരമായ മാറ്റങ്ങൾ പുതു തലമുറയുടെ ജീവിതശൈലിയിൽ തന്നെ അത്ഭുതകരമായ മാറ്റങ്ങൾക്ക് തുടക്കമിട്ടു.ശാസ്ത്രത്തിന്റെ പ്രയോഗം വൈവിധ്യമാർന്ന സാങ്കേതികവിദ്യയുടെ നാന്ദി കുറിച്ചപ്പോൾ,കമ്പ്യൂട്ടറുകളുടെ ശൃംഖലകളായി ലോക്കൽ ഏരിയ ശൃംഖല,വൈഡ് ഏരിയ ശൃംഖല, ഇന്റർനാഷണൽ ശൃംഖല എന്നിവയെല്ലാം സമൂഹത്തിന്റെ അവിഭാജ്യ ഘടകങ്ങളായി മാറി.അതുകൊണ്ട് തന്നെ ഭരണ രംഗത്തും,വിദ്യാഭ്യാസ രംഗത്തും ,മാധ്യമ രംഗത്തും,കാർഷിക രംഗത്തുമെല്ലാം നവതരംഗങ്ങൾ സൃഷ്ടിക്കാൻ അനുബന്ധ ഇലക്ട്രോണിക് ഉപകരണങ്ങൾക്കും കഴിഞ്ഞു.പക്ഷേ,ഇതോടൊപ്പം നമുക്ക് തന്നെ ദൂഷ്യഫലങ്ങൾ ഉണ്ടാക്കുന്ന വിധത്തിൽ അനേകം വസ്തുക്കൾ ചുറ്റും കുമിഞ്ഞ് കൂടുന്നുണ്ട് എന്ന സത്യം

നാമറിയാതെ പോവുന്നു.ഒരു ഇലക്ട്രോണിക് ഉപകരണം ഒട്ടേറെ ഘടകങ്ങളുടെ ഒത്തുചേരലിലൂടെ രൂപപെടുത്തു ന്നവയാണ്. അതുകൊണ്ട് തന്നെ ഈ ഇലക്ട്രോണിക് ഉപകരണം ഉപയോഗ ശൂന്യമാവുമ്പോൾ  നിരുപദ്രവകാരിയാണെന്ന ഭാവത്തിൽ വലിച്ചെറിയുകയാണെങ്കിൽ ഉണ്ടാക്കാവുന്ന ദൂരവ്യാപകമായ ഭവിഷ്യത്തുകളെക്കുറിച്ച് നമ്മളിൽ പലരും ഇന്നും ബോധവാന്മാരല്ല.

നമ്മളിൽ പലർക്കും ഉപയോഗശൂന്യമായ ഇലക്ട്രോണിക് ഉപകരണങ്ങൾ വെറും പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ മാത്രമാണ് .എന്നാൽ ശരിയായ വസ്തുതകളിലേക്ക് ഇറങ്ങി ചെല്ലുമ്പോൾ അതുണ്ടാക്കാവുന്ന ഭവിഷ്യത്തുകളോർത്ത് ഞെട്ടലുണ്ടാക്കും.അതുകൊണ്ട് തന്നെ ഇ-മാലിന്യങ്ങൾ ഉയർത്തുന്ന പാരിസ്ഥിതിക പ്രശ്നങ്ങളിൽ അവബോധം രൂപികരിക്കാൻ നമുക്ക് കഴിഞ്ഞേ പറ്റൂ.

## എന്താണ് ഇ-മാലിന്യങ്ങൾ അഥവാ ഇലക്ട്രോണിക് മാലിന്യങ്ങൾ?



പുനരുപയോഗിക്കാൻ സാധ്യമല്ലാതെ ഉപയോഗിക്കുന്ന

എല്ലാ ഇലക്ട്രിക്കൽ,ഇലക്ട്രോണിക് ഉപകരണങ്ങളും ഇ–മാലിന്യമാണ്.
വിവിധതരം ഐ.സി.ടി ഉപകരണങ്ങൾ, ഇലക്ട്രോണിക്ക് വീട്ടുപകരണങ്ങൾ,വിവിധതരം ബൾബുകൾ എല്ലാം ഇതിൽ പെടുന്നവയാണ്.

ഈ മാലിന്യങ്ങൾ വളരെ കുറഞ്ഞ അളവിൽ മാത്രമേ പുനഃചംക്രമണം നടത്തി വീണ്ടും ഉപയോഗിക്കുന്നുള്ളൂ.
ഈ ഉൽപന്നങ്ങളിൽ ലോഹ ഘടകങ്ങളും അലോഹങ്ങളും ഉൾപ്പെടുന്നുണ്ട്.മെർക്കുറി, കോപ്പർ, അലൂമിനിയം, വെള്ളി, പ്ലാറ്റിനം, നിക്കൽ , ടിൻ, ലെഡ്, ഇരുമ്പ്, സൾഫർ,ഫോസ്ഫറസ് ക്രോമിയം തുടങ്ങി പ്രകൃതിക്കും മനുഷ്യർക്കും ദോഷകരമായ പല ഉൽപന്നങ്ങളും ഇവയിൽ ഉപയോഗിക്കുന്നുണ്ട്.ലെഡ്, ടിൻ തുടങ്ങി വിവിധ തരം രാസപദാർത്ഥങ്ങൾ ചേർന്ന മിശ്രിതങ്ങളെല്ലാം ഇലക്ട്രോണിക് ഉപകരണങ്ങളിലെ ഇലക്ട്രോണിക് ഘടകങ്ങളെ വിളക്കി ചേർക്കാൻ ഉപയോഗിക്കുന്നു.ലാപ്ടോപ്പിലേയും, മൊബൈൽ ഫോണിലേയും റീ ചാർജ് ബാറ്ററികൾ വലിച്ചെറിയുമ്പോൾ പ്രധാനമായും കാഡ്മിയമാണ് മണ്ണിലെത്തുന്നത്. സി.എഫ്.എൽ ഉം , ട്യൂബ്ലൈറ്റും അലക്ഷ്യമായി വലിച്ചെറിയുമ്പോൾ മെർക്കുറിയാണ് പ്രധാനമായും മണ്ണിലെത്തുന്നത്.

അപകടകാരികളായ ഡയോക്സിനുകൾ ആസിഡുകൾ എന്നിവ മണ്ണിൽ കലർന്ന് മണ്ണിനെയും, ജലത്തിനെയും എന്തിന് ഭൂഗർഭ ജലത്തെപ്പോലും മലിനീകരിക്കുന്നു. ജീവജാലങ്ങളുടെ മൊത്തത്തിലുള്ള നിലനിൽപ്പിന് തന്നെ

ഭീഷണിയുയർത്തുന്ന സൂചനകളാണ് ഇത് നൽകുന്നത്. ഇ–മാലിന്യങ്ങൾ കത്തിച്ചാൽ പുറന്തള്ളുന്ന വിഷവാതകങ്ങൾവായുവിനെ  മൊത്തിൽ മലിനമാക്കി പരിസ്ഥിതിക്കുണ്ടാക്കുന്ന  പ്രശ്നങ്ങൾ അതിലേറെ ദീകരമാണ്.

**ഇ–മാലിന്യങ്ങൾ ! നിർമാർജനം എങ്ങനെ ?**

ഉപയോഗിച്ച ഇലക്ട്രോണിക് വസ്തുക്കൾ ശാസ്ത്രീയമായി സംസ്ക്കരിക്കുക എന്നതാന്ന് ഇ–മാലിന്യ നിർമാർജനത്തിന് ഉതകുന്ന പോംവഴി. പല രാജ്യങ്ങളാലും ഇ–മാലിന്യങ്ങൾ ശാസ്ത്രീയമായി തന്നെ സംസ്ക്കരിച്ച് വരുന്നുണ്ട് അതുകൊണ്ട്തന്നെ നമുക്കും പഴുതുകളില്ലാത്ത നിയന്ത്ര സംവിധാനവും സംസ്ക്കരണ രീതിയും വികസിപ്പിച്ചെടുക്കേണ്ടിയിരുക്കുന്നു. വിവരണ സാങ്കേതിക വിനിമയരംഗത്ത്  അദ്ഭുതപൂർവ്വമായ നേട്ടം കൈവരിച്ച് കഴിഞ്ഞ സ്ഥിതിക്ക് വ്യക്തമായ ഒരു പദ്ധതിയിലൂടെ ഇ–മാലിന്യ നിർമാർജനം നടത്തിയാൽ എന്നും മണ്ണിൽ ഹരിതഭംഗി നിലനിർത്താൻ നമുക്ക് സാധിക്കും....

## പ്രകൃതിയും ഞാനും

പ്രകൃതി ജീവന്റെ നിലനില്പിന് ആധാരമാണ്. പ്രകൃതിയെ സംരക്ഷിക്കേണ്ടത് നാം ഓരോരുത്തരുടെയും കടമയാണ്. മനുഷ്യർക്ക് മാത്രമല്ല മറ്റ ജീവജാലങ്ങൾക്കും ഇവിടെ ജീവിക്കാൻ അവകാശമുണ്ട്. എന്നാൽ നമ്മൾ അവയുടെ സ്വാതന്ത്ര്യം തടയുന്നു. നാം പ്രകൃതിയുടെ മുഖം വികൃതമാക്കിക്കൊണ്ടിരിക്കുന്നു. നമ്മൾ ചെയ്യുന്ന ദുഷ്കർമ്മങ്ങളുടെ ഭവിഷ്യത്ത് നമ്മൾ മാത്രമല്ല ,മറ്റ ജീവികളും അനുഭവിക്കുന്നു. വനം, നദികൾ, അന്തരീക്ഷം എന്നീ പ്രകൃതി സമ്പത്തുക്കളെ നാം നിഷ്കരുണം നശിപ്പിക്കുന്നു. വനനശീകരണം പക്ഷിമൃഗാദികളുടെ ആവാസ വ്യവസ്ഥയെ ബാധിക്കുന്നു. ആഗോളതാപം വർധിക്കുന്നു. മനുഷ്യജീവിതത്തെയും ബാധിക്കുന്നു. മഴയുടെ അളവ് കുറയുന്നു, മണ്ണൊലിപ്പ് വർധിക്കുന്നു,വ്യവസായശാലകൾ പുറം തള്ളുന്ന മാലിന്യങ്ങൾ,മനുഷ്യർ വലിച്ചെറിയുന്ന ചപ്പുചവറുകൾ എന്നിവ പുഴയെ മലിനമാക്കുന്നു. വ്യവസായശാലകളിൽനിന്നും പുറം തള്ളുന്ന മാലിന്യങ്ങൾ, മനുഷ്യർ വലിച്ചെറിയുന്ന ചപ്പുചവറുകൾ എന്നിവ പുഴയെ മലിനമാക്കുന്നു. വ്യവസായശാലകളിൽ നിന്നും പുറം തള്ളുന്ന രാസവസ്തുകൾ നിറഞ്ഞ മാലിന്യങ്ങൾ, ചപ്പുചവറുകൾ കത്തിച്ച പുക, വാഹനങ്ങൾ പുറം തള്ളുന്ന പുക എന്നിവ അന്തരീക്ഷ മലിനികരണതിന് കാരണമാകുന്നു. ഈ പ്രവർത്തനങ്ങൾക്കെതിരെ സുനാമി,ഭൂകമ്പം,വെള്ളപ്പൊക്കം തുടങ്ങി പ്രകൃതിക്ഷോഭങ്ങളായി പ്രകൃതിയുടെ വിഭവങ്ങൾ മാറ്റി വെയ്ക്കേണ്ടതാണ്. ഉപയോഗത്തിൽ മിതത്വവും അത്യാവശ്യവും കണ്ടെത്താൻ നമ്മുടെ ഈ തലമുറ എത്രയും വേഗം പരിശ്രമിക്കേണ്ടതാണ്.

-അലീശ.എം
൧൦

# തോൽവിയെ തോൽപ്പിക്കുക

വിജയവും തോൽവിയും ഒരു വിദ്യാർത്ഥിയുടെ വിദ്യാഭ്യാസജീവിതത്തിന്റെ രണ്ട് മുഖ്യരുചികളാണ്.ഈ രണ്ട് രുചികളും ആസ്വദിച്ചാൽ മാത്രമേ ഒരുവന് അവന്റെ അറിവിന്റെ കാലഘട്ടം



അതിജീവിക്കാനാവൂ. തോൽവി രണ്ട് തരത്തിലുണ്ട് എന്ന് നമുക്കറിയാം. ഒന്നാമത്തേത് നാം ശ്രമകരമായ കഠിനാധ്വാനം ചെയ്തിട്ടും തോറ്റുപോകുന്ന അവസ്ഥയും, രണ്ടാമത്തേത് കഠിനാധ്വാനമില്ലാത്ത തോൽവിയും, വേണമെങ്കിൽ മൂന്നാമതൊരു അവസ്ഥയേയും കുറിച്ച് നമുക്ക് പറയാം, കേവലം ഭാഗ്യത്തെ ആശ്രയിച്ച് വിജയത്തെ അഭിമുഖീകരിച്ച് തോൽക്കേണ്ടി വരുന്ന അവസ്ഥയും മൂന്ന് അവസ്ഥയ്ക്കും അതിന്റേതായ കാരണങ്ങളുണ്ട്. നാം പരിശ്രമിച്ചിട്ടും തോൽക്കുകയാണെങ്കിൽ അതൊരു 'തോൽവിയല്ല'അതൊരു വിജയം

തന്നെയാണ് മാത്രമല്ല കൂടുതൽ ഊർജത്തോടെ തെറ്റുകൾ തിരുത്തി മുന്നോട്ടുപോകാൻ നമുക്ക് പ്രേരകമാവും അത്തരത്തിലുള്ള തോൽവിക്കൾ നല്ലതാണ് അമിത ആത്മവിശ്വാസം കുറക്കാനും മുന്നോട്ട് കുതിക്കാനും. അത്തരം തോൽവികളിൽ തളരരുത്. മറിച്ച് കഠിനാധ്വാനത്തോടെ വിജയത്തിനായി ദാഹിക്കണം. ഇനി മറ്റു രണ്ട് പരാജയ അവസ്ഥയെ കുറിച്ച് പറയാം ശ്രമമി ലെങ്കിൽ അവിടെ പരാജയമായിരിക്കും ഫലം. ഭാഗ്യത്തെ ആശ്രയിച്ചുള്ള ഫല പ്രതീക്ഷയും അതുപോലെതന്നെ എല്ലായ്പ്പോഴും ഭാഗ്യം നമ്മെ തുണച്ചെന്നുവരില്ല. അതിന്റെ ഒപ്പം തന്നെ പരിശ്രമവും വേണം. കാറ്റുണ്ടെങ്കിൽ കടലാസും ചിത്രശലഭവും പറക്കും പക്ഷെ കാറ്റിലെങ്കിൽ ചിത്രശലഭം മാത്രമേ പറക്കും വിജയത്തിനായി ഭാഗ്യത്തെ ആശ്രയിച്ച് നിൽകരുത് കഠിനാധ്വാനം ചെയ്യുക'ഭാഗ്യം ' വേണ്ട സമയത്ത് നമ്മളെ തേടിയെത്തും,അരോ അയച്ച കത്ത് പോലെ തോൽവിയിൽ തളർന്ന്



ദുശീലങ്ങളിൽ അടിമപ്പെടുക എന്നത്
പുതുതലമുറയുടെ സ്വഭാവമായി മാറിക്കഴിഞ്ഞു
തോറ്റാലും മുന്നോട്ട് പോകാനുള്ള ത്വര
നമക്കുണ്ടാവണം. ചീട്ടുകൊട്ടാരം പോലെ
തകർന്നടിഞ്ഞാലും 'ഞാൻ അതിജീവിക്കും'എന്ന്
വിധിയോട് പൂർണ്ണ അത്മവിശ്വാസത്തോടെ
പറയാനും പൊരുതാനും ധൈര്യമുണ്ടാവണം
പരാജയസന്ദർഭങ്ങൾ ഒരു വിജയിയെപ്പോലെ
നേരിടാൻ ഇന്നത്തെ തലമുറ പ്രാപ്തരാകേണ്ടതുണ്ട്.
ദൈവം നമ്മെ ഈ ഭൂമിയിലേക്ക് എല്ലാം
തികഞ്ഞവരായല്ല അയച്ചത് . തോൽവിയുടെ
പര്യായം എന്ന് വിളിക്കാവുന്ന ഒരു മനുഷ്യൻ
വർഷങ്ങൾക്കു മുമ്പ് അമേരിക്കയിലെ
ചെറ്റകുടിലിൽ ജീവിച്ചിരുന്നു . ചെറിയ പ്രായത്തിൽ
തന്നെ അനാഥനായി മയക്കു മരുന്നിന്
അടിമപ്പെട്ടു. ൧൯-ാം വയസ്സിൽ ആദ്യമായി തുടങ്ങിയ
കച്ചവട ദൗത്യം പൊട്ടിപ്പൊളിഞ്ഞു . അതിൽ
തോൽക്കാതെ കൂട്ടുകാരിൽ നിന്നും കടം വാങ്ങി
ബിസ്സിനസ്സ് തുടങ്ങി. 24-ാം വയസ്സിൽ
കടക്കെണിലായി. കൂട്ടുകാരാൽ വെറുക്കപ്പെട്ടു.

24-ാം വയസ്സിൽ പ്രണയിനിമരിച്ചു .അതിനെ തുടർന്ന്  അദ്ദേഹം  30 വയസ്സുവരെ കിടപ്പിലായിരുന്നു. 33 വയസ്സുവരെ കച്ചവടം നടത്തി  അതും പൊട്ടിപൊളിഞ്ഞു. 34 വയസ്സു മുതൽ 42 വയസ്സുവരെയും, യു .എസ് സെനറ്റിലേക്ക് മത്സരിച്ച് തോറ്റു. പിന്നിട് രണ്ട് വർഷവും തോൽവി തന്നെയായിരുന്നു ഫലം .ഒടുവിൽ  45ാം വയസ്സിൽ പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിച്ച് പ്രസിഡന്റായി. തോൽവിയെ പിഴുതെറിഞ്ഞ അമേരിക്കയുടെ കയ്പിൽ നിന്ന് സ്വന്തം ജനത്തെ മോചിപ്പിച്ച് തുരുത്തിയോടിച്ച് നെൽസൺ മൺഡേലയുടേയും നമ്മുടെ ബാപ്പുജിയുടേയും മനഃകരുത്താണ് നമ്മുക്ക് മുതൽക്കൂട്ടാവേണ്ടത്. തോൽവിയിൽ തള്ളരുത് മറിച്ച് പാഠം പഠിക്കാം, തെറ്റുകൾ തിരുത്താം ,തോൽവി നമ്മുടെ മുന്നിൽ തോൽക്കുന്നതുവരെ ....

അനുരാഗ്.എ

# പതനം

ബി.എം.ഡബ്യൂവിന്റെ സൈഡ് ഗ്ലാസിലൂടെ പലതും ഒപ്പിയെടുക്കാനുള്ള തിടുക്കത്തിൽ വെപ്രാളപ്പെട്ട് ഓടുന്ന നൂജെൻ റെയ്നിനെ അയാൾ കണ്ടു . തന്റെ കൈയ്യിലെ ആപ്പിൾ പലകയിലെ ഇമോജിക്കൂട്ടങ്ങളിൽ നിന്ന് ഒരു മഴത്തുള്ളിയെ സെലക്ട് ചെയ്ത് സ്റ്റാറ്റസ് കോളത്തിൽ ചേർത്തുവച്ചു ഹാ മഴയ്ക്കൊരായിരം ലൈക്കുകൾ .റെയ്നിന്റെ ശീതളിമ അയാൾക്ക് പിടിച്ചില്ല . വസ്തുവിനെ ഒന്നു തൊട്ടു അത്ഭുതം റെയ്ൻ നിന്നുപോയി ഗ്ലാസിലൂടെ ഓരം ചെരിഞ്ഞ് അയാൾ ഒളിഞ്ഞു നോക്കി .അയാൾ കണ്ടു –ചുവന്ന ജലധാര ക്യാമ്പസിന്റെ ഓര–ത്തിലൂടെ നീങ്ങുകയാണ് . എന്താണത് ?ചക്രവ്യൂഹത്തിൽപ്പെട്ട ഒരുവൻ തെറിച്ച് ക്ഷണം കഷണമായതിന്റെ ബാക്കിപത്രം."വിഷമഴയാണ് ഹമ്പോ! ബീ കേർഫുൾ എഫ് എമ്മിലൂടെ ഏതോ ആർ ജെ ശ്രോതാക്കളോട് മൊഴിഞ്ഞു...ആ രക്തച്ചോല അപ്പോഴേക്കും മരവിച്ച താറിട്ടറോഡിൽ ഉറച്ചിരുന്നു.പോസ്റ്ററൊട്ടിച്ചതിന്റെ പേരിൽ ചക്രവ്യൂഹത്തിലകപ്പെട്ടവൻ അത്ഭുതം ഈ മഴക്കാഴ്ച വണ്ടി കുറച്ചു കൂടി മന്നോട്ട് കുതിച്ച് ഹേ...അതാരാണ് ,അതെ ഒരുകൂട്ടം സ്ത്രീകൾ അവർക്ക് സംരക്ഷകരെന്നപോലെ യന്ത്രമനുഷ്യർ ഷീ–ടാക്സികളും നിരത്തിയിട്ടുണ്ട് .സ്ത്രീശാക്തീകരണത്തിന്റെ ഫ്ലക്സുകൾനിരത്തിയിട്ടുണ്ട് എന്ത് കാര്യം?അവൾ പിന്നെയും കഴുകന്റെ കണ്ണിൽ തന്നെ ഭീകരം ഈമഴക്കാഴ്ചതകർത്തുപെയ്ത് വീണ്ടും ആരംഭിച്ചപ്പോൾ കൊട്ടിഘോഷിച്ച് വീണ്ടും ആടാൻ ആരും തന്നെ ഇല്ലായിരുന്നു നഗ്നമായ റോഡിന്റെ മാറിലേക്ക് വീഴുന്ന ഹൈടെക്ക് റെയ്നിന്ചുംബിച്ച് കൊതി തീർക്കാൻ ഒരു പുൽനാമ്പിന്റെ പച്ചപ്പോലു–മില്ല എല്ലാം പ്ലാസ്റ്റിക്കിന്റെ ലീലാവിലാസങ്ങൾ!`കഴിഞ്ഞാഴ്ച്ചയാണ് . ൪–൧൦ വ്യവസായ വിപ്ലവം ആരംഭിച്ചത് എല്ലാം –റോബോട്ടിന്റെ കരുണ...നന്ദിയുണ്ട്`...ഇംഗ്ലണ്ടിൽ.ഈ വാർത്ത,കാറിന്റെ നാലുമൂലയിലും തട്ടിയശേഷം അയാളുടെ ചെവികളെ പ്രകമ്പനം കൊള്ളിച്ചു ഉടനെ തന്റെ കേരളവും സാക്ഷരതയ്ക്കപ്പുറം മറ്റെന്തിലേക്കോ കുതിച്ചുയരുമെന്ന് അയാൾക്കറിയാമായിരുന്നു. ശബരിമല തീർഥാടനം,രാഷ്ട്രീയകൊലകൾ ഗ്ലഗിളിലെ തമാശകൾ യൂട്യൂബിലേയും ഫേസ്ബുക്കിലേയും നിറമാർന്ന ചിത്രങ്ങളും അയാളുടെ മസ്തിഷ്കത്തിൽ തറച്ചു ! ഈ മഴയെ സാക്ഷിയാക്കി 'ഇനി നീ ഒരുപക്ഷെ പെയ്യുമായിരിക്കില്ല എങ്കിലും നീ ഞങ്ങളുടെ സ്വന്തം മഴയാണ് നീയാണ് ലോകം ജീവന്റെ വചനം നീയാണ് 'കൈയ്യിലെ ഈ–ബുക്കിൽ നിന്ന് ഇത് അയാൾ വിഴുങ്ങി കളഞ്ഞു ചവറ്റുകൊട്ടയുടെ ഐക്കൺ ക്ലിക്ക് ചെയ്ത് അയാൾ ആ വാക്കുകളെ ഉപേക്ഷിച്ചു എന്നന്നേക്കുമായി ...മനസ്സിന്റെ സുഖത്തിനായി ഒരിത്തിരി പാട്ടുകേട്ടക്കാമെന്നായിഅയാൾ

മ്യൂസിക്ക് പ്ലേയർഓൺ ചെയ്തു'കാലാഹി നാപരിഗ്രസ്തമാം ലാകവു–മാലോല ചേതസ്സാ ഭോഗങ്ങൾ തേടുന്നു' അപ്പോഴേക്കും അതിന്റെ യു.എസ്.ബിയ്ക്ക് ജലദോഷം പിടിപ്പെട്ടു കർക്കട മഴയല്ലെ...സൂക്ഷിക്കണം...ഹേ...അതിന് പ്രതിരോധ ശേഷി കുറവാണ് മഴയേ നീ ഒരു മായാജാലം തന്നെ ജലം മാത്രമല്ല നിന്നിൽ മറ്റേന്തോ നിഗൂഢതയുണ്ട്.മഴേ...നീ ചെയ്യുമ്പോൾ മറ്റേന്തോ നീ ഭൂമിയിലേക്ക് എത്തിക്കുന്നുണ്ട് അതാ ആ മഴയത്ത് മറ്റേന്തോ കാണുന്നു ഹാ! അത് ഒരു കൗതുക കാഴ്ച തന്നെ'കേരളത്തിൽ മീശ നിരോധിച്ചു 'ന്റെമ്മേ ഇനി ഫ്രീക്കൻമാരെ ഒന്നു കാണണം. അവരുടെ മുഖം ഇനി വിളറി നിൽക്കും. നാശം ! അത് നോവലാണ് .അപ്പോഴേക്കും ഉദ്ദേശസ്ഥലം എത്തിയിരുന്നു ,അയാൾ താഴെയിറങ്ങാൻ അൽപം മടിച്ചു .കാറിലെ ശീതളിമ,അയാൾക്ക് വല്ലാതെ പിടിച്ചു.അത് അയാളെ പിടിച്ചിരുത്തിക്കളഞ്ഞു. അയാളുടെ തടിച്ചകൈകകൾ ഉയർന്നുവന്ന് ആ വൃദ്ധയെ വലിച്ചു .അയാളുടെ രോമങ്ങൾ,ആ വൃദ്ധയുടെ കമ്പുപോലുള്ള കൈകളെ തളർത്തിക്കളഞ്ഞു,തറച്ചുകയറി ഓരോ പടി കയറുമ്പോഴും ഓലമടലിന്റെ ഉടൽപോലെ ആ അമ്മയെ വലിച്ചു...വന്നു,കണ്ടു,കീഴടക്കികഴിഞ്ഞവൻ...ആഅമ്മയെ വൃദ്ധസദനത്തിന്റെ മൂലയിൽ തളച്ചിട്ട് ആ നിർജീവമാംസപിണ്ഡത്തെ മേൽക്കൂരയിലൂടൊലിച്ചിറങ്ങിയ ഒരു ജല കണം,ആ ജനനിയുടെ മാറിൽതറച്ചു അയാൾ മടങ്ങിയിരുന്നു എന്റെ ശരീരം വിറച്ചു രക്തച്ചോലകൾ കട്ട പിടിച്ചു...മഴ എനിക്ക് കാണിച്ചുതന്നു ഈ കാഴ്ച്ച ഓരോ മഴയുടെ അവശേഷിപ്പായി ചിലതുണ്ടാകും...മേഘം അലിഞ്ഞു തീർന്നു.ഒപ്പം ഞാനും...

---

സംഗീത

10 K

## ദൈവവും മനുഷ്യരും

നമുക്ക് ഏതെങ്കിലും ഒരു പ്രധാനപ്പെട്ട കാര്യം തീരുമാനിക്കണമെങ്കിൽ കലണ്ടർനോക്കും അല്ലെങ്കിൽ പഞ്ചാംഗം വിശ്വാസം അധികമുള്ളവരാണെങ്കിൽ ഒരു ജോൽസ്യനെ കണ്ട് നല്ല ദിവസം നോക്കും.പക്ഷെ ഇന്ന് നമ്മൾ തീരുമാനിച്ചുറപ്പിച്ച പല കാര്യങ്ങളും വിശ്വാസത്തിനനുസരിച്ച് നടത്താൻ കഴിയാത്ത സാഹചര്യമാണ്.രാവിലെ ടി.വി.യൊ നവമാധ്യമങ്ങളോ നോക്കുന്ന ആൾക്കാർ ആദ്യം ശ്രദ്ധിക്കേണ്ടിവരുന്നത് ഇന്ന് ഹർത്താലോ പണിമുടക്കോ എന്നതാണ് കൊലയും കൊള്ളവയ്പ്പും അക്രമങ്ങളും അപകടമരണങ്ങളും രാഷ്ട്രീയക്കാരുടെ മുതലെടുപ്പിന് വേണ്ടിയുള്ള നീക്കങ്ങളും മാത്രമേ മാധ്യമങ്ങളിൽ കാണാറുള്ളൂ.ഈശ്വരൻ ഇതൊന്നും കാണുന്നില്ലേ!അല്ലെങ്കിൽ നന്മയോ തിന്മയോ യഥേഷ്ടം പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യത്തോടുകൂടി മനുഷ്യൻ ചെയ്യുന്ന അധർമങ്ങൾക്ക് ദൈവം എന്ത് പിഴച്ചു! അധർമങ്ങൾ വർധിച്ചു വരുന്നതോടെ ആധുനികർക്ക് ദൈവത്തെ ആവശ്യമില്ലെന്ന് പരസ്യമായി പ്രസ്താവിച്ച് വിശ്വാസികളുടെ വികാരങ്ങളെ വ്രണപ്പെടുത്തുന്ന കാഴ്ചയാണ് അധികാരികളുടെ ഭാഗത്തുനിന്ന് ഇന്ന് നാം കാണുന്നത്.സാഹിത്യകാരും എഴുത്തുകാരും ഇത് കാണുന്നില്ലേ !ഇത് പറയുമ്പോൾ എനിക്ക് ഓർമ വരുന്നത്,കുറച്ച് മാസംമുമ്പ് സാഹിത്യകാരൻമാരെ ആദരിക്കുന്ന ഒരു ചടങ്ങിന് ഞാൻ പോയിരുന്നു.അതിനുള്ള മറുപടിയിൽ എഴുപതുകഴിഞ്ഞ ഒരു പ്രശസ്തനായ സാഹിത്യകാരൻ അദ്ദേഹത്തിന്റെ നേട്ടങ്ങളിലേക്ക് തിരിഞ്ഞുനോക്കികൊണ്ട് പറഞ്ഞു,ഇവയെല്ലാം ഈശ്വരന്റെ അനുഗ്രഹങ്ങളാണെന്ന് പ്രസ്താവിച്ചു.എന്നാൽ

മുപ്പതിനോടടുത്ത ഒരു യുവനോവലിസ്റ്റ് പറഞ്ഞത്,"ജീവിതത്തിൽ ഈശ്വരാനുഗ്രഹംകൊണ്ട് ഒന്നും നേടിയിട്ടില്ലെന്നായിരുന്നു.കാലത്തിന്റെ പോക്ക് എങ്ങോട്ടാണെന്നതിന് വ്യക്തമായ സൂചനയാണ് ഈ പ്രസ്താവന.എല്ലാ മനുഷ്യർക്കും ഒരു വിധത്തിൽ ഓരോ ദൈവം ഉണ്ട് ഒരു മനുഷ്യൻ ഏതൊന്നിനുവേണ്ടിയാണോ തന്റെ പണവും ശക്തിയും വിനിയോഗിക്കുന്നത് അതാണ് അവന്റെ ദൈവം എന്ന് ചിന്തിച്ചാൽ നിരീശ്വർ എന്നൊരു കൂട്ടർ ഈ ലോകത്തിൽ കാണില്ല പണമോ, മനോഹരമായ വീടോ സന്തുഷ്ടമായ കുടുംബജീവിതമോ ഒക്കെ ആയിരിക്കാം ഈശ്വരാനുഗ്രഹങ്ങളുടെ പട്ടികയിൽ സാധാരണക്കാർ കാണുന്നത്. രോഗം, പട്ടിണി ,ഇഷ്ടജനങ്ങളുടെ മരണം തുടങ്ങിയവ ഈശ്വരശാപമായും. പലരും കാണുന്ന സുഖത്തിലും ദുഃഖത്തിലും നമുക്ക് ദൈവത്തെ കണ്ടെത്താൻ കഴിയണം.ദൈവത്തിൽ നിന്നും ആർക്കും ഒഴിഞ്ഞുമാറാൻ സാധിക്കില്ല.സന്തോഷത്തിലും സമൃദ്ധിയിലും മാത്രമല്ല ജീവിതത്തിൽ കൈപ്പേറിയ അനുഭവങ്ങളിൽ ദൈവത്തിന്റെ സാന്നിദ്ധ്യമുണ്ട്.ദൈവത്തിൽ നിന്നും ഒരിക്കലും ഒളിച്ചോടാൻ മനുഷ്യർക്ക്_സാധിക്കില്ല.

---

പവിത്ര
9J

# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ 2018-19



# ലിറ്റിൽ കൈറ്റ്സ് 2018-19 ലീഡർ



**ദീപക്**

---

## ലിറ്റിൽ കൈറ്റ്സ് ഡെപ്യൂട്ടി ലീഡർ



**ശ്രീലക്ഷ്മി**

# നന്ദി



**ഇ – മാഗസിന് വേണ്ടി പ്രവർത്തിച്ച അണിയറ പ്രവർത്തകർക്കും,സൃഷ്ടികൾ സംഭാവന ചെയ്ത യുവപ്രതിഭകൾക്കും നന്ദിരേഖപ്പെടുത്താൻ ഈ അവസരം ഉപയോഗപ്പെടുത്തുന്നു. ഇതിലെ ഒരോ താളുകളിലെ ജീവിതതുടിപ്പുകളെ അനുഗ്രഹിച്ച പ്രിയപ്പെട്ട മാനേജർ,പി.ടി.എ, പ്രിൻസിപ്പൽ, ഹെഡ്മിസ്ട്രസ്, സ്റ്റാഫ്, വിദ്യാർത്ഥികൾ, എല്ലാവർക്കും ഹൃദയംഗമമായ നന്ദി രേഖപ്പെടുത്തുന്നു.**

**ഷീബ.ബി.എസ്**
**കോർഡിനേറ്റർ**